**<u>15 -ാം കേരള നിയമസഭ</u>**

**<u>13 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4999</u>** **<u>20-03-2025 - ൽ മറുപടിയ്ക്ക്</u>**

**<u>സംസ്ഥാന സാക്ഷരതാ മിഷന്റെ പ്രവർത്തനം</u>**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ. റോജി എം. ജോൺ</th><th colspan="2">ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>സംസ്ഥാന സാക്ഷരതാ മിഷന്റെ പ്രവർത്തന ചെലവുകൾക്ക് ആവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ടോ; കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ വകയിരുത്തിയ തുകയും ചെലവിട്ട തുകയും വ്യക്തമാക്കുമോ;</td><td>(എ)</td><td>ഉണ്ട്. കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>സാമ്പത്തിക വർഷം</th><th>വകയിരുത്തിയ ഗ്രാന്റ് തുക</th><th>ലഭിച്ച ഗ്രാന്റ് തുക</th><th>ചെലവഴിച്ച ഗ്രാന്റ് തുക</th></tr>
<tr><td>2021-22</td><td>18,00,00,000/-</td><td>14,41,01,574</td><td>15,10,11,327.00</td></tr>
<tr><td>2022-23</td><td>18,00,00,000/-</td><td>16,27,20,000</td><td>15,85,73,169.00</td></tr>
<tr><td>2023-24</td><td>18,00,00,000/-</td><td>10,18,80,000</td><td>8,75,17,880.34</td></tr>
</table>
</td></tr>
<tr><td>(ബി)</td><td>സാക്ഷരതാ പ്രവർത്തനങ്ങൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാകുന്നതെന്ന് അറിയിക്കുമോ?</td><td>(ബി)</td><td>കേരളത്തിലെ സാക്ഷരതാ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലും ചുമതലയിലും നടന്നു വരുന്നു. സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾ (സാക്ഷരതാ, തുല്യതാ കോഴ്സുകൾ) ഏകോപിപ്പിക്കുന്നതും ശക്തിപ്പെടുത്തുന്നതും ജില്ല മുതൽ പഞ്ചായത്ത്തലം വരെയുള്ള സാക്ഷരതാസമിതികളുടെ സഹായ സഹകരണങ്ങളോടെയാണ്. ജില്ലാ സാക്ഷരതാ മിഷൻ മുതൽ പഞ്ചായത്ത്തലം വരെയുള്ള ധനവിനിയോഗം നടത്തുന്നത് അതത് തദ്ദേശ സ്ഥാപന സെക്രട്ടറിമാർ വഴിയാണ് (എഫ് & എ കോ-ഓർഡിനേറ്റർ). സാക്ഷരതാ മിഷന്റെ കോഴ്സുകളിൽ ചേരുന്ന സാമ്പത്തികമായും സാമൂഹികമായും പിന്നാക്കാവസ്ഥയിലുള്ള പഠിതാക്കൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാർഷികപദ്ധതിയിൽ തുക വകയിരുത്തുന്നു. സർക്കാർനയത്തിന്റെ ഭാഗമായുള്ള ദീപ്തി ബ്രെയിൽ സാക്ഷരതാ പദ്ധതിയടക്കമുള്ള എല്ലാ നൂതന പദ്ധതികളും സാമൂഹ്യസാക്ഷരതാ പദ്ധതികളും പരിപാടികളും പൊതുജനങ്ങളുമായി ഏറ്റവും അടുത്തിടപെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും സഹായത്തോടെയുമാണ് സാക്ഷരതാമിഷൻ നടപ്പാക്കുന്നത്. ന്യൂ ഇന്ത്യാ ലിറ്ററസി പ്രോഗ്രാമിന് വേണ്ട സഹകരണവും തദ്ദേശ സ്വയംഭരണ വകുപ്പ് നൽകി വരുന്നു. സാക്ഷരതാ പ്രേരക്മാരുടെ ഓണറേറിയത്തിൽ 60% തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത്ഫണ്ടിൽ നിന്നും അനുവദിക്കുന്നു.</td></tr>
</table>

സെക്ഷൻ ഓഫീസർ